വൈദ്യുതി കമ്പി പൊട്ടിവീഴുന്നതുകൊണ്ടുണ്ടാകുന്ന അപകടങ്ങൾ

33 (3186) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 2015 മേയ്, ജൂൺ മാസങ്ങളിൽ ശക്തമായ കാറ്റിലും മഴയിലും വൈദ്യുതി കമ്പി പൊട്ടിവീണ് എത്ര അപകടങ്ങൾ കാസർഗോഡ് ജില്ലയിൽ ഉണ്ടായിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് മരണം സംഭവിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും അപകടം പറ്റിയവർക്കും കെ. എസ്. ഇ. ബി. എന്തെങ്കിലും സഹായം നൽകാറുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത ജില്ലയിൽ ദിവസക്കൂലിക്കാരുടെ ജീവനുകൾ വിലയുള്ളതായാണ് അപകടം ഉടൻ കാരണമെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒരു അപകടം ഉണ്ടാകുകയും ഒരാൾ മരിക്കുകയും ചെയ്തു. വൈദ്യുതി സെക്ഷന്റെ പരിധിയിൽ 23/06/2015-ൽ ഉണ്ടായ പ്രസ്തുത അപകടത്തിൽ സുജിത് കുമാർ എന്ന വ്യക്തിയാണ് മരിച്ചത്.

(ബി) വൈദ്യുതാപകടങ്ങളിൽപ്പെട്ട് മരണമടയുന്ന പൊതുജനങ്ങളുടെ ആശ്രിതരായവർക്ക് വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരം 5 ലക്ഷം രൂപയും അപകടത്തിൽപ്പെടുന്നവർക്ക് അപകടത്തിന്റെ തീവ്രതയനുസരിച്ച് സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായ തുകയും (പരമാവധി ₹ 5,00,000 രൂപ) അനുവദിക്കുന്നുണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാനായി നടപ്പിലാക്കിയ പദ്ധതികൾ

34 (3187) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാനായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; പ്രസ്തുത പദ്ധതി നടത്തിപ്പിലൂടെ എത്ര വൈദ്യുതിയാണ് ലാഭിക്കാൻ കഴിഞ്ഞിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(iii) ഇതിനായി കരാറാഗസ്ഥിതിയിൽ അനുവദിച്ച അഞ്ചുകോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വൈദ്യുതി വിതരണ രംഗം ആധുനികവത്കരിച്ച് പ്രസരണ-വിതരണ-വാണിജ്യ നഷ്ടം കുറയ്ക്കുന്നതിന് കേന്ദ്ര സർക്കാർ അവിഷ്കരിച്ച പദ്ധതിയാണ് പുനരാവിഷ്കൃത ഗ്രാമീണ ഊർജ്ജവത്കൃത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി (RAPDRP). ഇതുപ്രകാരം, പ്രസരണ-വിതരണ-വാണിജ്യ നഷ്ടം കുറയ്ക്കുന്നതിന് Kerala State Electricity Board Limited ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് കേരള പവർ ഇംപ്രൂവ്മെന്റ് സ്കീം (KPIS). ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, സാങ്കേതിക നഷ്ടങ്ങൾ കുറയ്ക്കുന്നതിലേക്കായി വോൾട്ടേജ് ഇംപ്രൂവ്മെന്റ്, സിസ്റ്റം ഇംപ്രൂവ്മെന്റ് എന്നീ പദ്ധതികൾ വഴി വിതരണ മേഖലയിൽ സംസ്ഥാനത്തൊട്ടാകെ 7950 കി.മീ. 11 കെ.വി. ലൈൻ നിർമ്മിക്കുകയും, 14034 വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 10776 കി. മീ. സിംഗിൾ ഫേസ് ലൈൻ, ത്രീ ഫേസ് ലൈനായി ഉയർത്തുകയും, 4143 കി.മീ. പഴയ ലൈനുകൾ മാറ്റി പകരം കാര്യക്ഷമതയുള്ള പുതിയ ലൈനുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള 39 സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണം പൂർത്തിയാക്കി. കൂടാതെ 25 സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. 2011-ൽ പ്രസരണ-വിതരണ നഷ്ടം 16.09% ആയിരുന്നത് 2015-ൽ 14.65% ആയി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) KPIS പദ്ധതി കരാറാഗസ്ഥിതി പട്ടണത്തിൽ പുരോഗമിച്ചു വരുന്നു. ഇതിൻപ്രകാരം നടപ്പിലാക്കിയ/നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. 3 പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ചു.
2. ABC ഉപയോഗിച്ച് പഴയ 11 KV ലൈൻ മാറ്റി പുതിയ 22 KM ലൈൻ വലിച്ചു.
3. 4 KM 11 KV ABC സ്ഥാപിച്ചു.
4. 3 KV ത്രീ ഫേസ് ലൈൻ സ്ഥാപിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

5. കരുനാഗപ്പള്ളി 110 KV സബ് സ്റ്റേഷനിൽ പുതിയ VCB സ്ഥാപിക്കൽ

6. 70 എണ്ണം 11 KV AB സ്വിച്ച് സ്ഥാപിക്കൽ.

കരുനാഗപ്പള്ളിയിൽ അനുവദിച്ച 5 കോടി രൂപയുടെ പദ്ധതി പ്രകാരം കരുനാഗപ്പള്ളി സബ്സ്റ്റേഷനിൽ അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും കരുനാഗപ്പള്ളി സബ്സ്റ്റേഷനിൽ നിന്ന് തെക്കുഭാഗം കിഴക്കുള്ള കരുനാഗപ്പള്ളി ടൗൺ ഏരിയയിലേക്ക് രണ്ടാമതൊരു 11 കെ.വി. ഫീഡർ വലിക്കുന്നതിനുമുള്ള നടപടികൾ നടന്നുവരികയാണ്.

കാറ്റിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം

35 (3188) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എവിടെയെല്ലാം കാറ്റിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്;

(ബി) അതിനായി കേന്ദ്ര സർക്കാർ എന്തൊക്കെ സഹായങ്ങൾ നല്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) ആകെ എത്ര മെഗാവാട്ട് വൈദ്യുതി നിലവിൽ ഉല്പാദിപ്പിക്കുന്നുണ്ട്;

(ഡി) കാറ്റിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്, അഗളി, അട്ടപ്പാടി എന്നിവിടങ്ങളിലും ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിലും കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്.

(ബി) ഇതിനായി കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് സഹായങ്ങളൊന്നും ലഭിക്കുന്നില്ല.

(സി) നിലവിൽ കേരളത്തിൽ 34.875 മെഗാവാട്ട് വൈദ്യുതി കാറ്റിൽ നിന്നും ഉല്പാദിപ്പിക്കുന്നുണ്ട്.

(ഡി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly